# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 453 — 28-02-2017 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ. അനിൽ അക്കര**

**മറുപടി**

**ഡോ.റ്റി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

### കേന്ദ്ര നികുതി വിഹിതം

(എ) കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള 2017-18-ലെ ബജറ്റ് കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ നികുതി വിഹിതത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ ഈ വർഷം കുറവ് അനുഭവപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ഇനത്തിൽ ഈ വർഷം നികുതികൾ കൂടുതൽ പ്രതീക്ഷിക്കാമോ; എങ്കിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ അവതരിപ്പിച്ച 2017-18-ലെ ബജറ്റ് കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് സംഭവിച്ചതായി കാണുന്നില്ല. 2017-18 കേന്ദ്ര സർക്കാരിന്റെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഒരോ ഇനത്തിലും പ്രതീക്ഷിക്കുന്ന തുക ചുവടെ ചേർക്കുന്നു:

*(തുക കോടിയിൽ)*

| | |
|---|---|
| കോർപ്പറേഷൻ നികുതി | 4984.75 |
| ആദായ നികുതി | 4357.96 |
| സമ്പത്ത് നികുതി | 0.15 |
| ചുങ്കം | 2379.19 |
| കേന്ദ്ര എക്സൈസ് തീരുവകൾ | 2486.93 |
| സേവന നികുതി | 2683.07 |

ചരക്ക് സേവന നികുതി (GST) നടപ്പിലാക്കുന്നതോടെ 2017-18 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന കേന്ദ്ര നികുതി വിഹിതത്തിൽ മാറ്റം വന്നേക്കാം.

**സെക്ഷൻ ഓഫീസർ**